പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 311 — 11.06.2012 ൽ മറുപടിക്ക്

## അനധികൃതമായി സംസ്ഥാനത്ത് താമസിക്കുന്ന വിദേശികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഇന്ത്യ സന്ദർശിക്കാനെത്തിയ വിദേശികളിൽ എത്ര പേരാണ് അനുവദിച്ച സന്ദർശന കാലാവധിക്കു ശേഷവും കേരളത്തിൽ താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 242 പേർ. |
| (ബി) ഇവരെ തിരിച്ചയയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 216 പേർ വിസ പുതുക്കുന്നതിന് അപേക്ഷ അയച്ച് ഉത്തരവിനായി കാത്തിരിയ്ക്കുന്നവരാണ്. ഒരാൾക്കെതിരെ ഇന്ത്യ വിട്ടു പോകുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട് (Quit Notice). വിദേശികൾക്ക് ബാധകമായ നിയമങ്ങൾ അനുസരിച്ച് 4 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. ബാക്കിയുള്ളവരോട് വിസാകാലാവധി പുതുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്ത പക്ഷം ഫോറിനേഴ്സ് ആക്ട് പ്രകാരം നിയമനടപടികൾ കൈക്കൊള്ളുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. |
| (സി) ഇപ്രകാരം അനധികൃതമായി സംസ്ഥാനത്ത് താമസിക്കുന്നവർ ഏതൊക്കെ രാജ്യങ്ങളിലുള്ളവരാണെന്ന് വ്യക്തമാക്കുമോ? | (സി) അമേരിക്ക, മലേഷ്യ, മലേഷ്യ (Stateless), ശ്രീലങ്ക, ബ്രിട്ടൻ, ബ്രിട്ടീഷ് (Overseas), പാകിസ്ഥാൻ, മാലിദ്വീപ്, യു.എ.ഇ., റഷ്യ, ഇറാൻ, സിംഗപ്പൂർ, സിംഗപ്പൂർ (Stateless), ബഹറിൻ, ഫ്രാൻസ്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിലെ പൗരന്മാരാണ് ഇപ്രകാരം അനധികൃതമായി താമസിക്കുന്നത്. |

സെക്ഷൻ ഓഫീസർ